വഞ്ചിപ്പിച്ച റേഷൻ അരിയുടെ വില.

* ൪൭. [നം൩] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലികമായി റേഷൻ വഞ്ചിപ്പിച്ചതിനു വില കൂടുതൽ വസൂലാക്കുന്നതിനെപ്പറ്റി ഭക്ഷ്യോപദേശകസമിതിയോട് ഗവണ്മെൻറ് ആലോചിക്കയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ സമിതിയുടെ ഏകകണ്ഠമായ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യോപദേശക സമിതിയിൽ പ്രസ്തുത വിലക്കൂടുതലിനോട് അനുകൂലിക്കാത്തവരുണ്ടോ; ആരെല്ലാം?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) താൽക്കാലിക റേഷൻ ദിവസേന രണ്ട് ഔൺസ് അരി വീതം ലാഭനഷ്ടം കൂടാതെയുള്ള വിലനിരക്കിനു വിതരണം ചെയ്യുന്നതിനെപ്പറ്റി ഭക്ഷ്യോപദേശകസമിതിയോട് ആലോചിക്കുകയുണ്ടായി.

(ബി) ഈ നിർദ്ദേശത്തിനു സമിതിയുടെ പൊതുവായ സമ്മതം ലഭിച്ചിട്ടുണ്ട്.

(സി) ബി.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

വിദ്യാഭ്യാസാനുകൂല്യങ്ങൾ.

* ൪൮. [നം൪] ശ്രീ. കെ. [illegible]. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ജി. ഓ-മാരുടെ സന്താനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥന്മാരുടെ മക്കൾക്കും അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ കുട്ടികൾക്കു മാത്രമേ ഈ സൗജന്യം അനുവദിച്ചിട്ടുള്ളൂ.

കൊപ്രയുടെയും വെളിച്ചെണ്ണയുടേയും ചങ്കത്തിൽ വരുത്തിയ കുറവുകൾ.

* ൪൯. [നം ൭] ശ്രീ. സി കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഫിനാൻസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly